തൊഴിൽ വാർത്തകൾ

കർണാടക ട്രഷറി ഓഫീസിൽ

കർണാടകസർക്കാരിന്റെ ഡിസ്ട്രിക് ഡെവലപ്മെന്റ ട്രഷറിഓഫീസിൽ വർക്കർ തസ്തികയിൽ 54 ഒഴിവുണ്ട്. ബാഗൽകോട്ടാണ് ഒഴിവ്. യോഗ്യത എട്ടാം ക്ലാസ് വിജയം. എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. വാക്ഇൻ ഇന്റർവ്യൂ ഫെബ്രുവരി 20ന് ബാഗൽക്കോട്ട് ഡിസ്ട്രിക് ഡവലപ്മെന്റ ട്രഷറി ഓഫീസിൽ രാവിലെ പത്തിന്. കൂടുതൽ വിവരങ്ങൾ: karnatakatreasury.gov.in

സി.ഐ.എസ്.എഫിൽ ഹെഡ് കോൺസ്റ്റബിൾ

സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിലേക്ക് ഹെഡ്കോൺസ്റ്റബിൾ (മിനിസ്റ്റീരിയൽ) തസ്തികയിൽ അപേക്ഷക്ഷണിക്കുന്നു. ഡിപ്പാർട്ട്മെന്റൽ ഒഴിവുകൾ അടക്കം ആകെ 700 ഒഴിവുകളാണ് ഉള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.cisf.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

ആർമി മെഡിക്കൽ കോറിൽ ഡോക്ടർമാർ

എംബിബിഎസുകാർക്ക് ആർമി മെഡിക്കൽ കോറിൽ ഷോർട്ട് സർവീസ് കമ്മീഷൻഡ് ഓഫീസറാകാൻ അവസരം. സ്ത്രീകൾക്കും പുരുഷൻമാർക്കും അപേക്ഷിക്കാം. www.amcsscentry.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒഴിവുകൾ നിലവിൽ തിട്ടപ്പെടുത്തിയിട്ടില്ല. അപേക്ഷ അയയ്ക്കേണ്ട വിലാസം: DGAFMS/DG1A, Ministry Of Diffence, M Block, Room No. 60. Church Road, New Delhi-110001. കൂടുതൽ വിവരങ്ങൾക്ക് www.amcsscentry.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി- ഫെബ്രുവരി 23.

കെൽട്രോണിൽ 15 ഒഴിവുകൾ

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ വിവിധ തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വ്യത്യസ്ത വിജ്ഞാപനങ്ങളാണ്. ആകെ 15 ഒഴിവുകളാണുള്ളത്. താത്കാലിക/ റഗുലർ നിയമനമാണ്. ഓൺലൈനായി അപേക്ഷിക്കണം.

ഐടി ഇന്റേൺഷിപ് ട്രെയിനിംഗ്: കെൽട്രോൺ നോളജ് സെന്റർ തൊഴിലധിഷ്ഠിത ഐടി ഇന്റേൺഷിപ് ട്രെയിനിംഗിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിഇ, ബിടെക്, എംസിഎ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. വിലാസം: കെൽട്രോൺ നോളജ് സെന്റർ, എറണാകുളം (കതൃക്കടവ്) ഫോൺ: 9207811879. വെബ്സൈറ്റ്: www.keltron.org. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഫെബ്രുവരി 23.

നാഷണൽ ഹെൽത്ത് മിഷനിൽ ഒഴിവുകൾ

നാഷണൽ ഹെൽത്ത് മിഷൻ കോഴിക്കോട് ജില്ലയിൽ വിവിധ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നു. ആകെ 37 ഒഴിവുകളാണുള്ളത്. തസ്തികകൾ, ഒഴിവുകൾ എന്നിവ ചുവടെ ചേർക്കുന്നു. ഡെൻറൽ ഹൈജീനിസ്റ്റ് ഒരു ഒഴിവ്, ഫിസിയോതെറപ്പിസ്റ്റ് 16, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ് ഒരു ഒഴിവ്, സ്പെഷൽ എജ്ജുക്കേറ്റർ രണ്ടു ഒഴിവ്, ന്യൂട്രീഷനിസ്റ്റ് ഒരു ഒഴിവ്, സ്റ്റാഫ് നഴ്സ് 15, ആയുർവേദ മെഡിക്കൽ ഓഫിസർ ഒരു ഒഴിവ്. യോഗ്യരായ ഉദ്യോഗാർഥികൾ നാളെ 10 മണിക്ക് ഗവ. നഴ്സിങ് കോളജ്, മെഡിക്കൽ കോളജ്, കോഴിക്കോട് എഴുത്തുപരീക്ഷക്ക് എത്തിച്ചേരണം. അഭിമുഖപരീക്ഷ ഫെബ്രുവരി 17ന് നാഷനൽ ഹെൽത്ത് മിഷൻ, കോഴിക്കോട് സിവിൽ സ്റ്റേഷനിലായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : www.arogyakeralam.gov.in സന്ദർശിക്കുക.

സിയാലിൽ ജൂനിയർ മാനേജർ

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിൽ (സിയാൽ) എൻജിനിയറിംഗ്, ഫിനാൻസ് ജൂനിയർ മാനേജർമാരുടെ (ട്രെയിനി) തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിഗ് (ബിടെക്/ബിഇ) 60 ശതമാനം മാർക്കോടെ ഫുൾടൈം കോഴ്സ് പാസായവർക്ക് ജൂണിയർ മാനേജർ (ട്രെയിനി) എൻജിനിയറിംഗ് വിഭാഗത്തിലേക്ക് അപേക്ഷിക്കാം. എട്ട് ഒഴിവുകൾ നിലവിലുണ്ട്. സിഎ/ ഐസിഎംഎ പാസായവർക്ക് ജൂനിയർ മാനേജർ (ട്രെയിനി ഫിനാൻസ്) തസ്തികയിലേക്ക് നാല് ഒഴിവുകളുണ്ട്. ഒരു വർഷമാണ് പരിശീലന കാലാവധി. വിജയകരമായി പൂർത്തിയാക്കുന്നവരെ ജൂനിയർ മാനേജർ തസ്തികയിൽ നിയമിക്കും. മികച്ച ശമ്പളം, മറ്റ് അലവൻസുകൾ. ഓൺലൈനിലൂടെയാണ് അപേക്ഷിക്കേണ്ടത്. ഇതിനായി www.cial.aero സന്ദർശിക്കുക.

ആൻഡമാനിൽ അവസരങ്ങൾ

കേന്ദ്ര ഭരണപ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ അഡ്മിനിസ്ട്രേഷൻ, ആരോഗ്യ മേഖലകളിൽ മൊത്തം 98 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ 32 ജൂനിയർ എൻജിനിയർമാരുടെ ഒഴിവുകളുണ്ട്. എൻജിനിയറിംഗിൽ ഡിപ്ലോമ/ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം.

ഹെൽത്ത് മിഷൻ വിഭാഗത്തിൽ കൺസൾട്ടന്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ ഓഫിസർ, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകളിലായി 17 സ്റ്റാഫ് നഴ്സ്, സോഷ്യൽ വർക്കർ, റെനൽ ടെക്നിഷ്യൻ എന്നീ തസ്തികകളിലായി 49 ഒഴിവുകളും ഉണ്ട്. യോഗ്യത, വയസ്സ്, പരിചയം തുടങ്ങിയ വിശദവിവരങ്ങൾ: www.andaman.gov.in/ ൽ ലഭ്യമാണ്. വിവിധ തസ്തികകളിലേക്ക് അപേക്ഷകൾ അയക്കേണ്ട അവസാന തീയതികൾ: മാർച്ച് എട്ട്.

മാംഗളൂർ പെട്രോകെമിക്കൽസിൽ 17 അപ്രന്റിസ് ഒഴിവുകൾ

ഒ.എൻ.ജി.സി മാംഗളൂർ പെട്രോ കെമിക്കൽസ് ലിമിറ്റഡിൽ ഡിഗ്രിക്കാർക്കും ഡിപ്ലോമക്കാർക്കും അപ്രന്റിസ്ഷിപ്പിന് അവസരം. ഗ്രാജ്ജുവേറ്റ് അപ്രന്റിസ് ട്രെയനിംഗിന് 12 ഒഴിവും ടെക്നീഷൻ അപ്രന്റിസ് ട്രെയിനിംഗിന് അഞ്ച് ഒഴിവുകളുമാണുള്ളത്. www.ompl.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: മാർച്ച് ഒന്ന്.

സതീഷ് ധവാൻ സ്പേസ് സെന്ററിൽ

ഐ.എസ്. ആർ. ഒയുടെ ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിൽ ഫയർമാൻ എ -07, കാറ്ററിംഗ് അറ്റൻഡന്റ് -17. ഇരുതസ്തികകളിലും പ്രായം 18-25. കുക്ക് -08, പ്രായം 18-35. ഹിന്ദി ടൈപ്പിസ്റ്റ് -01 എന്നിങ്ങനെ ആകെ 33 ഒഴിവുണ്ട്. ഫയർമാൻ എ, കാറ്ററിംഗ് അറ്റൻഡന്റ്, കുക്ക് തസ്തികകളിൽ യോഗ്യത എസ്.എസ്.എൽ.സിയാണ്. ഹിന്ദി ടൈപ്പിസ്റ്റ് ഒന്നാം ക്ലാസോടെ ബിരുദം. മെട്രിക്കുലേഷൻ/ ബിരുദം ഹിന്ദി ഒരു വിഷയമായി പഠിക്കണം. അല്ലെങ്കിൽ ഹിന്ദി പഠനമാദ്ധ്യമമാകണം. ഹിന്ദി ടൈപ്പ്റൈറ്റിംഗ് (കംപ്യൂട്ടർ) 25 വാക്ക് വേഗം. കംപ്യൂട്ടർ പരിജ്ഞാനം, പ്രായം 1826. ഓൺലൈനായി അപേക്ഷിക്കണം. വിശദവിവരം www.shar.gov.in അവസാനതിയതി ഫെബ്രുവരി 16.

ഇന്റലിജന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ് ഇന്ത്യയിൽ നഴ്സ് : 60

ഇന്റലിജന്റ് കമ്യൂണിക്കേഷൻ സിസ്റ്റംസ് ഇന്ത്യ ലിമിറ്റഡിൽ നഴ്സ് തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. നഴ്സിംഗ് സിസ്റ്റർ- 35, ഐസിയു നഴ്സ്- 15, ഒടി നേഴ്സ് (കാത്ത്ലാബ്)- 10 എന്നിങ്ങനെ ആകെ 60 ഒഴിവുണ്ട്. ഫെബ്രുവരി 18 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരത്തിന് www.icsil.in.

ഇന്ത്യൻ ഫോറസ്റ്റ് സർവീസിൽ 110 ഒഴിവുകൾ

ഇന്ത്യൻ ഫോറസ്റ്റ് സർവീസിൽ നികത്തേണ്ട 110 ഒഴിവിലേക്ക് upsc അപേക്ഷ ക്ഷണിച്ചു. യോഗ്യത അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദം. നിശ്ചിത കായിക നിലവാരം വേണം. എസ്സി/ എസ്ടി/ അംഗപരിമിതർ/ സ്ത്രീകൾക്ക് ഫീസില്ല. https://www.upsconline.nic.in എന്ന website വഴിയാണ് അപേക്ഷിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങി. അവസാനതിയതി മാർച്ച് ആറ് വൈകിട്ട് ആറ്. വിശദവിവരവും website ൽ ലഭിക്കും.

സുപ്രീം കോടതിയിൽ

സുപ്രീംകോടതിയിൽ ലോ ക്ലാർക്ക് കം റിസർച്ച് അസിസ്റ്റന്റിന്റെ ഒഴിവുണ്ട്. ഡൽഹി, മുംബൈ, ബംഗളൂരു, കൊൽക്കത്ത എന്നിവിടങ്ങളാണ് പരീക്ഷാകേന്ദ്രങ്ങൾ. www.sci.gov.in എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

കേരള പൊലീസിൽ സ്പോർട്സ് ക്വോട്ടയിൽ

കേരള പൊലീസിൽ സ്പോർട്സ് ക്വോട്ടയിൽ അപേക്ഷിക്കാം. പ്ലസ്ടുക്കാർക്ക് അപേക്ഷിക്കാം. അപേക്ഷാഫോറം www.keralapolice.gov.in എന്ന വെബ്സൈറ്റ് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളുടെ പകർപ്പുകൾ സഹിതം സംസ്ഥാന പൊലീസ് മേധാവി, കേരള പൊലീസ് ആസ്ഥാനം, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ ഫെബ്രുവരി 25നകം ലഭിക്കണം.

ട്രാവൻകൂർ സിമന്റിൽ

ദ ട്രാവൻകൂർ സിമന്റ് ലിമിറ്റഡിൽ ചീഫ് മാനേജർ (കെമിക്കൽ), സീനിയർ മാനേജർ (ഫിനാൻസ്), സീനിയർ മാനേജർ (പേഴ്സണൽ ആൻഡ് അഡ്മിൻ)/ മാനേജർ (പേഴ്സണൽ ആൻഡ് അഡ്മിൻ) തസ്തികകളിൽ ഓരോ ഒഴിവുണ്ട്. ചീഫ് മാനേജർ (കെമിക്കൽ) യോഗ്യത കെമിക്കൽ എൻജിനിയറിംഗിൽ ബിടെക്. ഉയർന്നപ്രായം: 50, സീനിയർ മാനേജർ (ഫിനാൻസ്) യോഗ്യത ബിരുദവും എസിഎ/ ഐസിഡബ്ല്യുഎ, ഉയർന്നപ്രായം: 45. സീനിയർ മാനേജർ (പേഴ്സണൽ ആൻഡ് അഡ്മിൻ) യോഗ്യത ബിരുദം, എംബിഎ (എച്ച്ആർ)/ എംഎസ്ഡബ്ല്യു, പ്രായം 30-40. അപേക്ഷ ബയോഡാറ്റയും അനുബന്ധരേഖകളുടെ പകർപ്പും സഹിതം Chairman & Managing Director, The Travancore Cements Limited, Nattakom, Kottayam- 686013 എന്ന വിലാസത്തിൽ ഫെബ്രുവരി 24നകം ലഭിക്കണം. വിശദവിവരത്തിന് www.travcement.com.

അലിംകോയിൽ വിവിധ തസ്തിക

കാൺപൂരിലെ ആർടിഫിഷ്യൽ ലിംബ്സ് മാനുഫാക്ചറിങ് കോർപറേഷൻ ഒഫ് ഇന്ത്യയിൽ (അലിംകോ) 64 ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 28 തസ്തികകളിലാണ് അവസരം. www.alimco.in എന്ന website ൽ നിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷാഫീസ് അടച്ചതിന്റെ ഡിമാൻഡ് ഡ്രാഫ്റ്റും സഹിതം തപാൽ/ കൊറിയർ വഴി അയക്കണം. വിലാസം: വിലാസം: Sr. Manager (Personal And Administration), Alimco, Naramau, GT Road, Kanpur 209217. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി ഫെബ്രുവരി 28. വിശദവിവരം website ൽ.

സുപ്രീംകോടതിയിൽ കോർട്ട് അസിസ്റ്റന്റ്

സുപ്രീംകോടതിയിൽ കോർട്ട് അസിസ്റ്റന്റിന്റെ 15 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ/ ഐടി വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത.
supremecourtofindia.nic.in എന്ന ലിങ്കിൽ വിശദവിവരങ്ങളും അപേക്ഷ ഫോറവും ലഭ്യമാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2018 ഫെബ്രുവരി 20. വിലാസം: Registrar (Admn.I), Supreme Court of India, Tilak Marg, New Delhi-110201

നുമാലിഗഢ് റിഫൈനറി ലിമിറ്റഡിൽ

അസമിലെ പ്രമുഖ പൊതുമേഖല എണ്ണക്കമ്പനിയായ നുമാലിഗഢ് റിഫൈനറി ലിമിറ്റഡിൽ എൻജിനിയറിംഗ്, സാമ്പത്തികശാസ്ത്ര ബിരുദധാരികൾക്ക് അവസരം. ഗ്രാജ്വേറ്റ് എൻജിനിയർ ട്രെയിനി, മാനേജ്മെന്റ് ട്രെയിനി, ഫിനാൻസ് ഓഫിസർ എന്നീ തസ്തികകളിലേക്ക് മൊത്തം 21 ഒഴിവുകളുണ്ട്. കെമിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ, മെക്കാനിക്കൽ, സിവിൽ, കമ്പ്യൂട്ടർ എന്നി മേഖലകളിലാണ് കൂടുതൽ ഒഴിവുകളുള്ളത്. അപേക്ഷകൾ ഓൺലൈനായി 2018 ഫെബ്രുവരി 23നകം സമർപ്പിച്ചിരിക്കണം. അപേക്ഷഫോറത്തിനും വിശദവിവരങ്ങളും
www.nrl.co.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷിക്കേണ്ടതാണ്.

എൻ.എം.ഡി.സിയിൽ

എൻ.എം.ഡി.സി ലിമിറ്റഡിൽ മെയിന്റനൻസ് അസിസ്റ്റന്റ്, ഇലക്ട്രീഷ്യൻ ഗ്രേഡ് III. എച്ച്.ഇ.എം മെക്കാനിക്കൽ ഗ്രേഡ് III തുടങ്ങിയ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. 169 ഒഴിവുകളാണ്. അവസാന തീയതി: ഫെബ്രുവരി 19. കൂടുതൽ വിവരങ്ങൾക്ക്: www.nmdc.co.in

ഐ.എസ്.ആർ.ഒയിൽ സയന്റിസ്റ്റ്/ എൻജിനിയർ

ഐ.എസ്.ആർ.ഒയിൽ സയന്റിസ്റ്റ്/ എൻജിനിയർ തസ്തികയിൽ ഒഴിവുണ്ട്. ഇലക്ട്രോണിക്സ്- 32, മെക്കാനിക്കൽ- 45, കംപ്യൂട്ടർ സയൻസ്- 29 എന്നിങ്ങനെ 106 ഒഴിവുണ്ട്. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കേണ്ട അവസാനതിയതി ഫെബ്രുവരി 20. വിശദവിവരത്തിന് www.isro.gov.in.

സിവിൽ സർവീസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഐഎഎസ്, ഐപിഎസ്, ഐഎഫ്എസ് ഉൾപ്പെടെ 24 സിവിൽ സർവീസ് കാഡറുകളിലേക്ക് നിയമനത്തിനായി യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ അപേക്ഷ ക്ഷണിച്ചു. 24 സിവിൽ സർവീസ് വിഭാഗങ്ങളിലായി 782 ഒഴിവുണ്ട്. www.upsconline.nic.in എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കേണ്ട അവസാന തിയതി മാർച്ച് ആറ്.

റെയിൽവേ വിളിക്കുന്നു 62907 ഒഴിവുകൾ

റെയിൽവേയിൽ ട്രാക്ക് മെയിന്റനർ, ഗേറ്റ്മാൻ, ഹെൽപ്പർ തുടങ്ങിയ തസ്തികകളിലേക്കായി 62907 ഒഴിവുകൾ. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡാണ് നിയമനം നടത്തുന്നത്. മാർച്ച് 13ന് മുൻപ് ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് : www.indianrailways.gov.in

ജിപ്മറിൽ ഫാക്കൽറ്റി ഒഴിവ്

പുതുച്ചേരി ജവഹർലാൽ നെഹ്റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യുക്കേഷൻ ആൻഡ് റിസർച്ച് (ജിപ്മർ) ഫാക്കൽറ്റി തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. മെന്ററിങ് ഇൻസ്റ്റിറ്റ്യൂട്ടുകളായ എഐഎംഎസ് നാഗ്പൂരിലും എഐഎംഎസ് മംഗലഗിരിയിലുമാണ് ഒഴിവ്. പ്രൊഫസർ, അഡീഷണൽ പ്രൊഫസർ, അസോസിയറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, സീനിയർ റസിഡന്റ്, ട്യൂട്ടർ/ ഡമോൺസ്ട്രേറ്റർ തസ്തികയിലാണ് ഒഴിവ്. ആകെ 104 ഒഴിവാണുള്ളത്. വിശദവിവരത്തിന് www.jipmer.puducherry.gov.in. അപേക്ഷ ലഭിക്കേണ്ട അവസാനതിയതി മാർച്ച് 16 വൈകിട്ട് 4.30.

കോസ്റ്റ് ഗാർഡിൽ സ്റ്റോർ കീപ്പർ

ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ സ്റ്റോർ കീപ്പർ ആകാം!
യോഗ്യത: പ്ലസ്ടു | ശമ്പളം: ₹25500/- അവസാന തീയതി: മാർച്ച് 3. കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക. joinindiancoastguard.gov.in

ട്രാൻസ്മിഷൻ കോർപറേഷനിൽ

330 അസിസ്റ്റന്റ് എൻജിനിയർ

ഹൈദരാബാദിലെ ട്രാൻസ്മിഷൻ കോർപറേഷൻ ഒഫ് തെലുങ്കാന ലിമിറ്റഡ് വിദ്യുത്സൗധയിൽ ഇലക്ട്രിക്കൽ, സിവിൽ, ടെലികോം വിഭാഗങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 330 ഒഴിവുകളുണ്ട്. ഫെബ്രുവരി ഒന്നു മുതൽ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഫെബ്രുവരി 16. വിശദവിവരങ്ങൾ: www.tstransco.cgg.gov.in.

ഭോപ്പാൽ എയിംസിൽ 600 ഒഴിവുകൾ

ഭോപ്പാൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിൽ സീനിയർ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് ഒന്ന് ഗ്രൂപ്പ് ബി) 100, നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് രണ്ട് ഗ്രൂപ്പ് ബി) 600 ഒഴിവുണ്ട്. അപേക്ഷാഫീസ് ആയിരം രൂപ. എസ്.സി/ എസ്.ടി/ അംഗപരിമിതർ/ സ്ത്രീകൾ എന്നിവർക്ക് ഫീസില്ല.
www.aiimsbhopal.edu. എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി മാർച്ച് ആറ്. ഓൺലൈനായി അപേക്ഷിച്ചതിന്റെ പ്രിന്റ് സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധരേഖകൾ സഹിതം മാർച്ച് 20ന് വൈകിട്ട് അഞ്ചിനകം The Administrative Officer, All India Institute of Medical Sciences (AIIMS), Administrative Block, 1st Floor of Medical College Building, Saket Nagar, Bhopal-462020 (M.P.) എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരം website ൽ.

പി.ആർ.ഡിയിൽ ഓഫീസ് അറ്റൻഡർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിൽ രണ്ടു ഓഫീസ് അറ്റൻഡർമാരെ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതമുള്ള ഫോട്ടോ പതിച്ച അപേക്ഷ ഇന്ന് വൈകിട്ട് അഞ്ചിന് മുൻപ് ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ട് സമർപ്പിക്കണം. ഉദ്യോഗാർത്ഥികൾ ഏഴാം ക്ളാസ് പാസായിരിക്കണം. ബിരുദധാരികളെ പരിഗണിക്കുന്നതല്ല. തിരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള വേതനം നിലവിലെ സർക്കാർ നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും അനുവദിക്കുക.

മേട്രൺ: കരാർ നിയമനം

വേളൂർക്കട എൻ.സി.സി നഗറിൽ ഭവന നിർമാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ ഒഴിവുള്ള ഒരു മേട്രൺ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവൃത്തിപരിചയമുള്ളവർ എക്സിക്യൂട്ടീവ് എൻജിനിയർ, കേരള സംസ്ഥാന ഭവന നിർമാണ ബോർഡ്, ഡിവിഷൻ നമ്പർ 1, പി ആൻഡ് സി, തിരുവനന്തപുരം- 695001 വിലാസത്തിൽ ബന്ധപ്പെടുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്ക് 0471 2536323.

കർണാടക വനംവകുപ്പിൽ സ്പോർട്സ് ക്വാട്ട

കർണാടക വനം വകുപ്പിൽ സ്പോർട്സ് ക്വാട്ടയിൽ ഫോറസ്റ്റ് വാച്ചർ -14, ഫോറസ്റ്റ് ഗാർഡ്-30, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ-10 എന്നിങ്ങനെ ഒഴിവുണ്ട്. അപേക്ഷിക്കേണ്ട അവസാന തിയതി ഫെബ്രുവരി 17. വിശദവിവരം www.aranya.gov.in.

ഡൽഹി എൻ.ഐ.ടിയിൽ

നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിയിൽ 20 നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ ഒഴിവ്. സൂപ്രണ്ട്, അക്കൗണ്ടന്റ്, പേഴ്സണൽ അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ,
ടെക്നീഷ്യൻ, ലാബ് അസിസ്റ്റന്റ്, മൾട്ടി ടാസ്കിംഗ് സ്റ്റാഫ് എന്നിങ്ങനെയാണ് ഒഴിവുകൾ. ഫെബ്രുവരി 25നാണ് അവസാനതീയതി. കൂടുതൽ വിവരങ്ങൾക്ക്: nitdelhi.ac.in

സഹകരണ സർവീസ് പരീക്ഷാബോർഡ്

സഹകരണ സംഘങ്ങളിലും ബാങ്കുകളിലും ഒഴിവുള്ള തസ്തികകളിൽ സഹകരണ സർവീസ് പരീക്ഷാബോർഡ് അപേക്ഷ ക്ഷണിച്ചു. കൊല്ലം -01, പത്തനംതിട്ട -02, ആലപ്പുഴ -01, എറണാകുളം -01, തൃശ്ശൂർ -01, കോഴിക്കോട് -02, കണ്ണൂർ -01, കാസർകോട് -03 എന്നിങ്ങനെയാണ് ഒഴിവ്. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി ഫെബ്രുവരി 16. വിലാസം: സെക്രട്ടറി, സഹകരണ സർവീസ് പരീക്ഷാബോർഡ്, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിങ്, ഓവർ ബ്രിഡ്ജ്, ജനറൽ പോസ്റ്റ് ഓഫീസ്, കേരള സംസ്ഥാന സഹകരണ ബാങ്ക് ബിൽഡിംഗ്, ഓവർ ബ്രിഡ്ജ്, ജനറൽ പോസ്റ്റ് ഓഫീസ്, തിരുവനന്തപുരം 695001. വിശദവിവരം: www.csebkerala.org .

സി-ഡിറ്റിൽ മീഡിയ പ്രോജക്ട് സ്റ്റാഫ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഒഫ് ഇമേജിംഗ് ടെക്നോളജി (സി- ഡിറ്റ്) യിൽ കമ്യൂണിക്കേഷൻ മീഡിയ പ്രോജക്ടിൽ റിസർച്ച് അസോസിയേറ്റ്, റിസർച്ച് അസിസ്റ്റന്റ്, അസിസ്റ്റന്റ് പ്രൊഡ്യൂസർ, ന്യൂസ് റിപ്പോർട്ടർ, വീഡിയോ എഡിറ്റർ, ആനിമേറ്റർ, മീഡിയ കണ്ടന്റ് അനലിസ്റ്റ് തസ്തികകളിൽ ഒഴിവുണ്ട്. ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. കരാർ അടിസ്ഥാനത്തിലാണ് നിയമനം. www.careers.cdit.org എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി ഫെബ്രുവരി 17.

കേരള മെഡിക്കൽ സർവീസ് കോർപറേഷനിൽ

കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിൽ ഡെപ്യൂട്ടി മാനേജർ, ഡിപ്പോ ഇൻ ചാർജ് തസ്തികകളിലെ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആകെ അഞ്ചൊഴിവുണ്ട്. കരാർ അടിസ്ഥാനത്തിലാണ് നിയമനം. www.kmscl.kerala.gov.in എന്ന website ൽ വിശദവിവരങ്ങൾ ലഭ്യമാണ്. careers@kmscl.kerala.gov.in എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ഇന്ന്.

ഐ.ഡി.ബി.ഐ ബാങ്കിൽ 760 എക്സിക്യൂട്ടിവ്

ഐ.ഡി.ബി.ഐ ബാങ്ക് ലിമിറ്റഡിൽ എക്സിക്യൂട്ടിവിന്റെ ഒഴിവുണ്ട്. ആകെ 760 ഒഴിവാണുള്ളത്. 60 ശതമാനം മാർക്കോടെ ബിരുദമാണ് യോഗ്യത. അവസാനതീയതി ഫെബ്രുവരി 28. ഫീസടയ്ക്കേണ്ടതും ഓൺലൈനായാണ്. വിശദവിവരത്തിന്: www.idbi.com.

യു.ഐ.ഡി.എ.ഐയിൽ സെക്ഷൻ ഓഫീസർ

യൂണീക് ഐഡന്റിഫിക്കേഷൻ അതോറിട്ടി ഒഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ) ൽ സെക്ഷൻ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേക്ക് അപേക്ഷിക്കാം. ഫെബ്രുവരി 25 ആണ് അപേക്ഷ അയക്കേണ്ട അവസാന തീയതി. ഏതെങ്കിലം വിഷയത്തിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ് യോഗ്യത. വെബ്സൈറ്റ്: uidai.gov.in. കൂടുതൽ വിവരങ്ങൾക്ക്: www.gvtjob.com

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിൽ

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിൽ ജൂനിയർ എക്സിക്യൂട്ടീവുകളുടെ 10 ഒഴിവ്. ബാംഗ്ലൂർ ആസ്ഥാനത്തേക്കാണ് ഒഴിവ്. അവസാനതീയതി: ഫെബ്രുവരി 17. എംസിഎ കഴിഞ്ഞവർക്ക് അപേക്ഷിക്കാം. വിലാസം: ASSISTANT GENERAL MANAGER (HR), Recruitment Cell, BEML Soudha, No. 23/1, 4th Main Road, S.R Nagar, Bangalore -560027.

നാഷ്ണൽ ഹ്യൂമൻ റൈറ്റ്സ് കമ്മിഷനിൽ

നാഷ്ണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷനിൽ റിസേർച്ച് അസിസ്റ്റന്റ്, പേഴ്സണൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് രജിസ്ട്രാർ, ഇൻസ്പെക്ടർ, സീനിയർ റിസേർച്ച് ഓഫീസർ, ജൂനിയർ അക്കൗണ്ടന്റ്, അക്കൗണ്ടന്റ്, സെക്ഷൻ ഓഫീസർ, പ്രൈവറ്റ് സെക്രട്ടറി, ജൂനിയർ ട്രാൻസലേറ്റർ തുടങ്ങിയ നിരവധി ഒഴിവുകൾ. എപ്രിൽ 2 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: nhrc.nic.in/

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ

സംസ്ഥാന സർക്കാരിന ദ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിലേക്ക് വിവിധ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. ഓപ്പറേറ്റർ, ഫിറ്റർ മെക്കാനിക്, ഹെൽപ്പർ എന്നിങ്ങനെയാണ് ഒഴിവുകൾ. വിശദവിവരങ്ങൾ: tcckerala.com, www.cmdkerala.net എന്ന വെബ്സൈറ്റുകളിൽ കാണാം. അപേക്ഷ ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ നാവിക്

ഇന്ത്യൻ കോസ്റ്റ് ഗാർഡിൽ നാവിക് (ഡൊമസ്റ്റിക് ബ്രാഞ്ച്- കുക്ക്, സ്റ്റ്യൂവാർഡ്) ഒഴിവുകളിലേക്ക് അപേക്ഷിക്കാം. കേരളത്തിലുള്ളവർക്ക് മുംബയിലാണ് പരീക്ഷാകേന്ദ്രം. www.joinindiancoastguard.gov.in എന്ന website വഴി ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. അവസാന തിയതി ഫെബ്രുവരി 16 വൈകിട്ട് അഞ്ച്.

ഗസ്റ്റ് അദ്ധ്യാപക ഇന്റർവ്യു 19 ന്

കാഞ്ഞിരംകുളം കെ. എൻ. എം. ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ, സോഷ്യോളജിയിൽ രണ്ട് ഗസ്റ്റ് ലക്ചറർമാരുടെ ഒഴിവുകളുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും, പകർപ്പുകളുമായി ഫെബ്രുവരി 19 ന് രാവിലെ 11 ന് ഇന്റർവ്യൂവിന് പ്രിൻസിപ്പലിന്റെ ചേംബറിലെത്തണം.

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ നിയമനത്തിന് വാക്ക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി 21 ന് നടത്തും. വികാസ്ഭവനിൽ അഞ്ചാംനിലയിൽ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ രാവിലെ ഒൻപതിനാണ് ഇന്റർവ്യൂ. ഒരു ഒഴിവാണുള്ളത്. 18 മുതൽ 45 വയസുവരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ശമ്പളം 29,200 രൂപ.. യോഗ്യത: അംഗീകൃത സർവകലാശാല മാസ്റ്റർ ബിരുദം, വേഡ് പ്രോസസിംഗിൽ സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സ് പാസാകണം. സോഷ്യോളജിയിൽ മാസ്റ്റർ ബിരുദം/ എം.എസ്.ഡബ്ല്യു, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് കോ-ഓർഡിനേറ്റർ/ പ്രോജക്ട് മാനേജർ/ സൂപ്രണ്ട് തസ്തികയിലെ പ്രവൃത്തി പരിചയം എന്നിവ അഭിലഷണീയ യോഗ്യതയാണ്.

എക്സ്റേ ടെക്നീഷ്യൻ ഒഴിവ്

ആരോഗ്യകേരളം ഇടുക്കിയിൽ കരാർ വ്യവസ്ഥയിൽ എക്സ്-റേ ടെക്നീഷ്യൻ/ റേഡിയോഗ്രാഫർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ്, മുൻ പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം രജിസ്റ്റേഡ് പോസ്റ്റ്/ സ്പീഡ് പോസ്റ്റ് വഴിയോ നേരിട്ടോ അപേക്ഷിക്കാം. യോഗ്യത ബി.എസ്.സി അല്ലെങ്കിൽ പ്ലസ്ടുവും റേഡിയോളജിക്കൽ ടെക്നോളജിയും. പ്രായം 2018 ജനവരി ഒന്നിന് 40 വയസ്സ് കവിയരുത്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 16. അപേക്ഷാഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി www.arogyakeralam.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കണം. വിവരങ്ങൾക്ക്: 04862 232221.

ഡൽഹി മെട്രോയിൽ ഒഴിവുകൾ!

ബിരുദ, ഡിപ്ലോമ, ഐടിഐ യോഗ്യതയുള്ളവർക്കായി ഡൽഹി മെട്രോയിൽ ഒഴിവുകൾ. തുടക്കശമ്പളം 45,000 രൂപ വരെ | അവസാന തീയതി ഫെബ്രുവരി 26. കൂടുതൽ വിവരങ്ങൾക്ക് ലിങ്ക് സന്ദർശിക്കുക. വെബ്സൈറ്റ്: www.delhimetrorail.com.

ഡെപ്യൂട്ടേഷന് അപേക്ഷിക്കാം

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷനിൽ അസിസ്റ്റന്റിന്റെ മൂന്ന് ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി നോക്കുന്നവരും കമ്പ്യൂട്ടർ സയൻസിൽ ബിരുദം/ ബിരുദാനന്തര ബിരുദം, പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയിൽ ഏതെങ്കിലും യോഗ്യത ഉള്ളവർക്ക് ഉചിത മാർഗേണ അപേക്ഷിക്കാം. അപേക്ഷകൾ മാർച്ച് മൂന്നിന് മുമ്പ് സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ, കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ് ജംഗ്ഷൻ, പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കണം.